ശ്രീ. കെ. ടി. അച്യുതൻ : ഇന്നത്തെ നിലയിൽ അവർക്ക് വളരെ ശോചനീയമായ രോഗമില്ല. മോട്ടാർ ട്രാൻസ്പോർട്ടിന്റേയും മോട്ടാർ ബോട്ടിന്റേയും പ്രവർത്തനംകൊണ്ടും വള്ളങ്ങളിൽ ചരക്ക് വിശ്വസ്തതയോടുകൂടി കൊണ്ടുപോകാൻ കഴിയുന്നില്ലെന്നുള്ളതുകൊണ്ടുമാണ് അവർ അങ്ങിനെ തീരുമാനിച്ചത്. വളരെ കർശനമായ നിലയിൽ ഈ കാര്യത്തിൽ മുന്നോട്ടുപോയാൽ, അവർക്കുതന്നെ ബുദ്ധിമുട്ടു വരുമെന്നും അതുകൊണ്ട് അവർതന്നെ നേരിട്ടു കൂലി വാങ്ങിക്കൊള്ളാമെന്നുമാണ് തൊഴിലാളി പ്രതിനിധികളുടേയും അഭിപ്രായം.

ശ്രീമതി കെ. ആർ. ഗൗരി : ഈ തീരുമാനം എടുത്തശേഷവും മീനഞ്ഞാന്നു കായംകുളത്തു പിക്കറ്റിംഗ് നടത്തിയതായി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : കേന്ദ്രമന്ത്രി ശ്രീ. എ. എം. തോമസ് എറണാകുളത്തു വന്നപ്പോൾ, അരി കൊണ്ടുപോകുന്ന കാര്യത്തിൽ അവർക്ക് മുൻഗണന കൊടുക്കണമെന്നാവശ്യപ്പെട്ട. അതു ബുദ്ധിമുട്ടാണെന്ന് അവരെ ധരിപ്പിക്കുകയും ചെയ്തു. അങ്ങനെ എറണാകുളത്തും ഇതുപോലുള്ള കാര്യം നടന്നിട്ടുണ്ട്.

ശ്രീ. ഓ. കോരൻ : സ്റ്റേറ്റ് ലെവലിൽ തീരുമാനിക്കുന്നതിനു വിഷമമുണ്ടെങ്കിൽ ബീഡിത്തൊഴിലാളികളുടെ കാര്യത്തിലെന്നപോലെ മേഖല അടിസ്ഥാനത്തിൽ ചെയ്യാൻ ആലോചിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അവർതന്നെ പറഞ്ഞതനുസരിച്ച് ഇതൊഴിച്ചുള്ള മറ്റു കാര്യങ്ങളും തീരുമാനിക്കുകയാണ ചെയ്തത്.

മത്സ്യത്തൊഴിലാളി ക്ഷേമനിധി

* 422. [6] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് ഈ സാമ്പത്തിക വർഷത്തിൽ എത്ര തുക നീക്കിവച്ചിട്ടുണ്ട് ;

(ബി) മത്സ്യത്തൊഴിലാളിക്ഷേമനിധിയിൽനിന്നും സഹായം ആവശ്യപ്പെട്ടുകൊണ്ട് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചു ;

(സി) എത്ര അപേക്ഷകൾ അനുവദിച്ചു ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 25000 രൂപാ.

(ബി) 17 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) ഒന്നും അനുവദിക്കപ്പെട്ടിട്ടില്ല. മത്സ്യത്തൊഴിലാളിക്ഷേമനിധിയുടെ വിനിയോഗത്തിനുള്ള ചട്ടങ്ങൾ അംഗീകരിച്ചതു 1963 ഡിസംബറിലാണ്. ഈ നിധിയിൽനിന്നും സഹായം നൽകുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

മി. സ്പീക്കർ : ചോദ്യം 12-നുള്ള ഉത്തരംകൂടി പറയാം.

LIBRARY ARCHIVES Kerala Legislative Assembly